# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **488** | 24.01.2018 - ൽ മറുപടിയ്ക്ക് |

## ജി.എസ്.ടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി നടപ്പാക്കുമ്പോൾ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് എന്തെല്ലാം സഹായങ്ങൾ വാഗ്ദാനം ചെയ്തിരുന്നു എന്നും ആയതു സംബന്ധിച്ച് എന്തെങ്കിലും സഹായം ലഭ്യമായോ എന്നും എങ്കിൽ എന്തെന്നും വ്യക്തമാക്കുമോ; | (എ) യും (ബി) യും | GST നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തുന്നതിന് GST Compensation Act പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18ൽ കേരളത്തിന്റെ ദ്വൈമാസ അർഹത തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും എസ്.ജി.എസ്.ടി കളക്ഷനും എസ്.ജി.എസ്.ടി കളക്ഷനു വേണ്ടി ഉപയോഗിച്ച ഐ.ജി.എസ്.ടി ക്രെഡിറ്റും ആ മാസം ലഭിച്ച വാറ്റ് കളക്ഷനും ( എൽ.എൻ.ജി ഒഴികെ) കൂട്ടിക്കഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ - ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. GST നടപ്പിലാക്കിയതിലെ അനവധാനതമൂലം പ്രതീക്ഷിച്ച വരുമാനം GST ൽ നിന്നും ലഭ്യമായിട്ടില്ല. |
| (ബി) | ജി.എസ്.ടി നടപ്പാക്കുക വഴി സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക നഷ്ടം എത്ര എന്നും ആയതിന് എന്തെല്ലാം കേന്ദ്രസഹായം ആവശ്യപ്പെട്ടു എന്നും കേന്ദ്രം നാളിതു വരെ എന്തു സഹായം ലഭ്യമാക്കി എന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ